


A Project of

# Fr. DAVIS CHIRAMEL CHARITABLE TRUST



# മദർ തെരേസ്സ സേവന അവാർഡ്

കുട്ടികളിൽ സാമൂഹ്യസേവനത്തിന്റെ പ്രസക്തിയെ ബോദ്ധ്യപ്പെടുത്തുന്നതിനും വളർന്നു വരുന്ന തലമുറയെ ജാതി - മത ചിന്തകൾക്കതീതമായി സേവനമനോഭാവമുള്ളവരാക്കി വളർത്തിക്കൊണ്ടുവരുന്നതിനുള്ള ഒരു എളിയ ശ്രമമാണ് മദർ തെരേസ്സ സേവനപുരസ്കാരത്തിലൂടെ ചിറമ്മേലച്ചൻ സ്വപ്നം കാണുന്നത് . അമേരിക്ക പോലുള്ള വികസിത രാജ്യങ്ങളിൽ ഉപരിപഠനത്തിന് പ്രവേശനം ലഭിക്കണമെങ്കിൽ പോലും നിശ്ചിത സമയം സാമൂഹ്യസേവനം നടത്തിയതായി തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ലോകം കണ്ട ഏറ്റവും വലിയ ജീവ കാരുണ്യ പ്രവർത്തകയുടെ നാമത്തിലുള്ള അംഗീകാരമാണ് ഏറ്റവും അനുയോജ്യം എന്ന തിരിച്ചറിവാണ് മദർ തെരേസ്സ സേവന അവാർഡിന്റെ പിന്നിലെ പ്രചോദനം

കേരളത്തിലെ പതിനാല് ജില്ലകളിലെയും വിദ്യാലയങ്ങളിലെ വിദ്യാർത്ഥിനി - വിദ്യാർത്ഥികളെ ഉൾപ്പെടുത്തി അപ്പർ പ്രൈമറി /ഹൈസ്ക്കൂൾ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളാക്കി തിരിച്ച് ഓരോ വിഭാഗത്തിലും രണ്ട് പേരെ വീതം അവരുടെ സാമൂഹ്യ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തെരെഞ്ഞെടുത്ത് ഓരോരുത്തർക്കും 5000 രൂപയുടെ പാരിതോഷികവും, സർട്ടിഫിക്കറ്റും നൽകുന്നു. ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ഏറ്റവും മികവുള്ളവർക്ക് അർഹമായ അംഗീകാരവും പാരിതോഷികങ്ങളും നൽകുന്ന ഈ പദ്ധതിയിൽ എല്ലാ വർഷവും രണ്ടു ഗ്രൂപ്പിലും മികവ് തെളിയിക്കുന്ന ഓരോ വിദ്യാർത്ഥിക്ക് ഒരു ലക്ഷം രൂപയും, ഫലകവും, സർട്ടിഫിക്കറ്റും നൽകുന്നു. മികച്ച വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്ന കോർഡിനേറ്റർമാർക്ക് പതിനായിരം രൂപയും ഫലകവും നൽകുന്നു.

തുടർന്നുള്ള വർഷങ്ങളിലും 'ഫാദർ ഡേവിസ് ചിറമ്മേൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ' നേതൃത്വത്തിൽ പ്രഗല്ഭരായ വ്യക്തികൾ അടങ്ങുന്ന പാനൽ സാങ്കേതിക വിദ്യയുടെ എല്ലാ സാദ്ധ്യതകളും ഉപയോഗിച്ച് മൂല്യ നിർണ്ണയം നടത്തി ഏറ്റവും മികവുള്ളവരെ കണ്ടെത്താൻ നടത്തുന്ന ഒരു സാമൂഹ്യ സേവന മത്സരമാണ് മദർ തെരേസ്സ സേവന പുരസ്കാരം.

വിദ്യാലയ മേധാവിമാരും, അദ്ധ്യാപകർ ഉൾപ്പെടെയുള്ള കോർഡിനേറ്റർമാരും സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിക്കുന്ന സാമൂഹ്യ സംഘടനകളും ചേർന്നുള്ള വിപുലമായ ഒരു കമ്മിറ്റിയാണ് ഫാ. ഡേവിസ് ചിറമേൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിലുള്ള മഹത്തായ ഈ സംരഭത്തിന് ചിറമേലച്ചന് പിന്തുണ നൽകുന്നത്. കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളും ജാതി/മത ചിന്തകൾക്കതീതമായി പ്രവർത്തിച്ച് അടുത്ത തലമുറയെ സമൂഹത്തിന് പ്രയോജനമുള്ളവരായി വളർത്തുന്നതിന് സഹകരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

## MOTHER TERESA SEVANA AWARD COMMITTEE

+ 91 8590978938 mothertsa2024@gmail.com

| | |
|---|---|
| Fr. Davis Chiramel | - Chairman |
| Rajan P Thomas | - Vice Chairman |
| C V Jose | - Vice Chairman |
| Dr. V V Rose | - Chief Coordinator |
| Prof. Elizabeth Mathew | - Joint Coordinator |
| Meena Rajan | - Joint Coordinator |
| Sanjo Nambadan C A | - Coordinator |
| Babu Chitillapilly | - Coordinator |
| Bijoy C Antony | - Technical Coordinator |



# ചെയർമാന്റെ സന്ദേശം...

മദർ തെരേസയുടെ ജീവിതം ഈ ലോകത്തിന് പകർന്ന് കൊടുത്ത സേവനത്തിന്റെ അമൂല്യമായ നിക്ഷേപം വളർന്നു വരുന്ന നമ്മുടെ പുതുതലമുറക്ക് പകർന്നു കൊടുക്കാനുള്ള ഒരു സംരംഭമാണ് **മദർ തെരേസ സേവന അവാർഡ്** എന്ന പദ്ധതി. അമേരിക്കയിലെ കുഞ്ഞുങ്ങൾക്ക് സാമൂഹ്യസേവനത്തെക്കുറിച്ച് അമേരിക്ക കൊടുക്കുന്ന പ്രാധാന്യം നേരിട്ടറിഞ്ഞ പ്രചോദനമുൾക്കൊണ്ട്, സമൂഹ്യസേവനത്തിന്റെ മഹത്തായ ചൈതന്യം വരും തലമുറയുടെ സന്മാർഗ പ്രവർത്തനങ്ങളിലൂടെ മലയാളമണ്ണിലും പ്രകാശം പരത്തുമാറാകട്ടെ എന്നതാണ് മദർ തെരേസ സേവന അവാർഡിന്റെ ലക്ഷ്യം.

വരുംതലമുറക്ക് മനുഷ്യസേവനത്തിന്റെ മാഹാത്മ്യം മനസ്സിലാക്കികൊടുക്കുന്നതിനൊപ്പം ഓരോ മാതാ പിതാക്കൾക്കും അവരുടെ മക്കളിലൂടെ നന്മയുടെ വെളിച്ചം വീശുന്ന അഭിമാനാർഹമായ നിമിഷങ്ങളും സമ്മാനിക്കുന്നു. അതുപോലെ ഓരോ വിദ്യാലയങ്ങളും മനുഷ്യമനസ്സുകളെ അടുത്തറിയുന്ന തിരിച്ചറിവിന്റെ, വിദ്യാഭ്യാസത്തിന്റെ വലിയ തലങ്ങളിലേക്ക് വളരുന്ന കുട്ടികളെ വാർത്തെടുക്കാൻ നിയോഗിക്കപ്പെട്ടവരാകുന്നു ....

പ്രതിഫലേച്ഛയില്ലാതെ നിസ്വാർത്ഥമായ സേവനങ്ങളിലൂടെ സ്വന്തം ജീവിതത്തിന്റെ, സ്വഭാവ രൂപീകരണ ത്തിനും ഇത് അവസരമൊരുക്കുന്നു. ഒരു ലക്ഷം രൂപ വീതമാണ് ശ്രേഷ്ഠരായ രണ്ട് പേർക്ക് ഈ പദ്ധതിയിലൂടെ നല്കുന്നത്.

സ്വയം വലുതാകാനല്ല, അപരരെ വളർത്താനും , സ്നേഹിക്കാനും, ശുശ്രൂഷിക്കാനും അതുവഴി സ്വയം ചെറുതായി സേവന പ്രവർത്തനങ്ങളിൽ സമയം ചിലവഴിക്കാൻ സാധിക്കുകയാണ് ഇതിന്റെ ലക്ഷ്യം. അനുഗ്രഹീതമായ ഈ പ്രവർത്തനത്തിന് ഒപ്പം നിൽക്കുന്ന മാതാപിതാക്കളോടും, അദ്ധ്യാപകരോടും, മദർ തെരേസ സേവന അവാർഡ് കമ്മിറ്റി കോർഡിനേറ്റേഴ്സ്, ട്രസ്റ്റ് ഭാരവാഹികൾ മറ്റ് അനുബന്ധമായി പ്രവർത്തിക്കുന്ന എല്ലാവരോടും എനിക്കുള്ള ഹൃദയംഗമമായ നന്ദി അറിയിക്കുന്നു .

സമൂഹത്തിൽ നിന്നും ഒന്നും എടുക്കാനല്ല കൊടുക്കാനാണ് ജീവിതത്തിൽ ഊന്നൽ കൊടുക്കേണ്ടത് അതു വഴി നന്മയുള്ള സമൂഹം പടുത്തുയർത്തപ്പെടണം എന്നത് പുതുതലമുറയിലൂടെ പകർന്നു കൊടുക്കാൻ സാധിക്കട്ടെ.

നന്മയാർന്ന ഒരു നല്ല തലമുറയെ സമൂഹത്തിന് നൽകികൊണ്ട് കടന്ന് വന്നവരാണ് നമ്മളെന്ന് അഭിമാനപൂർവ്വം സ്മരിക്കപ്പെടട്ടേ ....

മദർ തെരേസ വിഭാവനം ചെയ്ത മാനവ സ്നേഹത്തിന്റെ, ദൈവ സ്നേഹത്തിന്റെ വക്താക്കളായി വളരട്ടെ ..
എല്ലാർക്കും നന്മയുണ്ടാകട്ടെ,

നിങ്ങളുടെ സ്വന്തം,
ചിറമേലച്ചൻ

# MOTHER TERESA SEVANA AWARD



Mother Teresa Sevana Award envisions the molding of adolescents by emulating Mother Teresa's self-less service and sacrifice and inculcating in them value-based culture and education. Teachers, parents, and students work in unison toward healthy posterity.

Mother Teresa Sevana Award project was spearheaded by Fr. Davis Chiramel, Chairman of the Kidney Federation of India, and is open to all the schools, from the Upper Primary to High School levels in Kerala.

Fr. Davis Chiramel and members of the Fr. Davis Chiramel Charitable Trust will hold cognizance conferences in all districts to instill in children their reciprocal contribution to society.

The School HM will see to the smooth running of the project with the assistance of the Coordinators and Class Teachers to document all the activities. The Parents are also part of the team to support and supervise their children according to the activity chosen by the student.

The student is the quintessence of this project. The student will have to choose activities according to his or her convenience from a listed set of Criteria, terms, and conditions provided to each school. The period is one academic year.

The Grand Finale will be the presentation of the Mother Teresa Sevana Award to Two Students, one from the Upper Primary, and the other from High School. The Award consists of Rupees One Lakh each, a family tour to Calcutta, a shield, and a Certificate. Two students from Upper Primary and Two students from High School who excel in community service from all the registered schools will receive an award of Rs. 5000/- each. This in a nutshell is the perspective of the Mother Teresa Sevana Award.

**Kindly use the QR Code to register for the Mother Teresa Sevana award 2024- 2025**

Dr. V V Rose
Chief Coordinator
+ 91 8590978938

**Touch / Scan here to get Registration Form**

# STATE LEVEL INAUGURATION

**Hotel Pearl Regency, Thrissur**














# THRISSUR DISTRICT

**ST. Joseph's CGHSS , Mission Quarters, Thrissur 680001**








# ERNAKULAM DISTRICT

**St. Teresa's CGHSS, Park Avanue Road, Ernakulam**









# IDUKKI DISTRICT

**St. Jerome's HSS, Vellyamkudy P. O. Idukki 685515**









# PALAKKAD DISTRICT

**Lourde Mathanga High school, Mangalam Dam, Palakkad 678706**

















# KOTTAYAM, PATHANAMTHITTA & ALAPPUZHA

**Mount Carmel High School, Muttambalam P. O., Kanjikuzhy, Kottayam**
















# TRUST OFFICE & CLOTH BANK




**Fr. Davis Chiramel Charitable Trust**
**Green Park, Koratty, Thrissur 680308, Mob: 7594942224**



**CLOTH AND TOY BANK V/S FOODBANK**
**Thandilam, Vellattanjoor , Thrissur 680601**
**Mob: 7594942225**



**CLOTH BANK V/S FOODBANK**
**Adayara Road, Pallimoola, Thrissur 680009**
**Mob: 7594942226, 7594942227**



**CLOTH BANK V/S FOODBANK**
**City Park Building, Third floor,**
**Vadakkenchery, Pin 678683, Mob: 9037428885**



**CLOTH BANK V/S FOODBANK**
**Marymatha Ayurveda Hospital, Maradu,**
**Poonithura, Ernakulam Mob: 94470 58165**